# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തിനാല്

## സാർവത്രികമായ ശോഭയുള്ള സ്ത്രീ

ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളടങ്ങുന്ന വെളിപ്പാട് പുസ്തകത്തിന്റെ ഒന്നാം ഭാഗം നിത്യതവരെയുള്ള സകലകാര്യങ്ങളെയും ഉൾക്കൊള്ളുന്നു. അവസാനത്തെ പതിനൊന്ന് അധ്യായങ്ങളടങ്ങുന്ന രണ്ടാം ഭാഗം മഹോപദ്രവത്തിന്റെ സമയമായ ഇപ്പോഴത്തെ യുഗത്തിന്റെ അവസാനത്തെ മൂന്നര വർഷം മുതൽ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നിത്യയുഗം വരെയുള്ള പ്രധാനപ്പെട്ട കാര്യങ്ങളുടെയും നിർണ്ണായക വിഷയങ്ങളുടെയും വിശദാംശങ്ങൾ നല്കുന്നു. ഈ ഭാഗത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളിലും നിർണ്ണായകമായ വിഷയങ്ങളിലും ഒന്നാമത്തേത് ആൺകുട്ടിയോടുകൂടെയുള്ള ഒരു സ്ത്രീയാണ് (12:1-18).

ഈ പുസ്തകത്തിന്റെ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളിൽ ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ഉൾക്കൊള്ളുന്നു. ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ചുരുക്കത്തിലെങ്കിലും നമുക്ക് ഈ പുസ്തകത്തിന്റെ ഉള്ളടക്കങ്ങളുടെ ഒരു ആകമാന രേഖാചിത്രം നല്കുന്നു. ആദ്യത്തെ നാലു മുദ്രകളിൽ (6:1-8) ക്രിസ്തുവിന്റെ ആരോഹണം മുതൽ ഈ യുഗത്തിന്റെ അവസാനം വരെയുള്ള ഏകദേശം രണ്ടായിരം വർഷത്തെ ചരിത്രം അടങ്ങുന്നു. നാം ഇപ്പോൾ ജീവിക്കുന്നത് ഈ യുഗത്തിന്റെ അന്ത്യത്തിൽ, അഞ്ചാമത്തെ മുദ്രയുടെ സമയത്തോട് വളരെ അടുത്താണ്. അഞ്ചാം മുദ്രയിൽ (6:9-11) രക്തസാക്ഷികളായ വിശുദ്ധന്മാരുടെ പ്രാർഥന അടങ്ങിയിരിക്കുന്നു. ഈ മുദ്ര തുറക്കുമ്പോൾ, മത്സരികളായ മനുഷ്യവർഗത്തോട് ഇടപെടുവാനും കൈകാര്യംചെയ്യുവാനും ദൈവത്തോട് അപേക്ഷിച്ചുകൊണ്ട്, കർത്താവിന്റെ സാക്ഷ്യത്തിനുവേണ്ടി അറുക്കപ്പെട്ടവരായ ആയിരക്കണക്കിന് രക്തസാക്ഷികളായ വിശുദ്ധന്മാർ പ്രതികാരത്തിനുവേണ്ടി ദൈവത്തോടു നിലവിളിക്കും. ആറാം മുദ്ര (6:12-17) രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിക്കുള്ള ദൈവത്തിന്റെ ഉത്തരമായിരിക്കും. ഈ മുദ്രയിലെ പ്രകൃത്യാതീതമായ

അത്യാഹിതങ്ങൾ ഭൂവസികൾക്കുള്ള ഒരു മുന്നറിയിപ്പായിരിക്കും. ഈ ആറു മുദ്രകൾ നമ്മെ ഈ യുഗത്തിന്റെ അന്ത്യത്തിലേക്കു കൊണ്ടുവരുന്നു.

ഏഴു കാഹളങ്ങൾ ഉള്ളടങ്ങുന്ന ഏഴാം മുദ്ര സർവവും ഉൾക്കൊള്ളുന്നതാണ്. ഏഴു കാഹളങ്ങൾ ഏഴാം മുദ്രയുടെ ഉള്ളടക്കമായതിനാൽ ഏഴാം മുദ്ര ഏഴു കാഹളങ്ങൾക്കു തുല്യമാക്കുന്നു. ആദ്യത്തെ നാലു കാഹളങ്ങൾ (8:7-12) പ്രകൃത്യാതീതമായ അത്യാഹിതങ്ങളാണ്—ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും, സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയുംമേലുള്ള ദൈവത്തിന്റെ ന്യായവിധി ആണ്. മനുഷ്യവർഗത്തിന് വസിക്കുവാൻ അനുയോജ്യമല്ലാതാക്കിക്കൊണ്ട് ആകാശത്തെയും ഭൂമിയെയും ഈ നാലു കാഹളങ്ങൾ നശിപ്പിക്കും. ആകാശം ഭൂമിക്കുവേണ്ടിയും, ഭൂമി മനുഷ്യവർഗത്തിനു വസിക്കുവാൻവേണ്ടിയും ആണ്. എങ്കിലും മനുഷ്യവർഗം ദൈവത്തോടു മത്സരിച്ചുകൊണ്ട് തുടർച്ചയായി അവനെ നിരാശപ്പെടുത്തിയതിനാൽ അവന്റെ സഹനത്തിന് അവസാനം വന്നിരിക്കുന്നുവെന്ന് ഒടുവിൽ ദൈവം പ്രഖ്യാപിക്കും. ആറാം മുദ്രയിലെ മഹാഭൂകമ്പവും ആകാശത്തിന്റെ കുലുക്കവും ഭൂമിയിൽ വസിക്കുന്നവർക്കുള്ള മുന്നറിയിപ്പായിരിക്കും. ഈ മുന്നറിയിപ്പ് ഇതിനെതുടർന്നുള്ള പ്രകൃത്യാതീതമായ അത്യാഹിതങ്ങൾക്കുള്ള അവതാരികയായിരിക്കും. ആദ്യത്തെ നാലു കാഹളങ്ങൾ ഊതിയതിനുശേഷം മഹോപദ്രവത്തിന്റെ സമയം സമീപമായിരിക്കും. ആറാം മുദ്രയും ഏഴാം മുദ്രയുടെ ആദ്യത്തെ നാലു കാഹളങ്ങളും മഹോപദ്രവത്തിനുള്ള ആമുഖമായിരിക്കും. മനുഷ്യനെ നേരിട്ടു നശിപ്പിക്കുന്ന അഞ്ചാം കാഹളം (9:1-11) മഹോപദ്രവത്തിന്റെ ആരംഭമായിരിക്കും. അഞ്ചാം കാഹളം 8:13-ൽ പറഞ്ഞിരിക്കുന്ന മൂന്നു കഷ്ടങ്ങളിൽ ആദ്യത്തേതാണ്. മനുഷ്യരുടെമേൽ തുടർന്നുള്ള ന്യായവിധിയായ ആറാം കാഹളം (9:12-21) രണ്ടാമത്തെ കഷ്ടമായിരിക്കും. ഏഴാം കാഹളത്തിന്റെ പ്രതിലോമ ഉള്ളടക്കത്തിന്റെ ഭാഗമായ മൂന്നാമത്തെ കഷ്ടത്തിൽ (11:14) എതിർക്രിസ്തുവിന്റെയും, അവന്റെ ജനത്തിന്റെയും, അവന്റെ രാജ്യത്തിന്റെയുംമേൽ ഒഴിക്കുന്ന ദൈവക്രോധത്തിന്റെ ഏഴു കലശങ്ങൾ ഉള്ളടങ്ങും (16:1-12, 17-21). ഏഴാം കാഹളത്തിൽ ഉൾക്കൊള്ളുന്ന ഈ ഏഴു കലശങ്ങൾ മഹോപദ്രവത്തെ അവസാനിപ്പിക്കും. ഇതിനുശേഷം, കർത്താവായ യേശു ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ എതിർക്രിസ്തുവിനോടു പോരാടുവാൻ ഭൂമിയിലേക്ക് ഇറങ്ങിവരും. എതിർക്രിസ്തുവിനെ തോല്പിക്കുകയും അവനെ കള്ളപ്രവാചകനോടുകൂടെ തീപ്പൊയ്കയിലേക്ക് എറിയുകയും ചെയ്യും (19:19-21). ഇതിനെതുടർന്ന് ആയിരം വർഷം നീണ്ടുനിൽക്കുന്ന സഹസ്രാബ്ദരാജ്യം

ആനയിക്കപ്പെടും. അതിനുശേഷം നിത്യതയോളം പുതിയ യെരുശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും വരും. ഏഴാമത്തെ കാഹളം നിത്യതയോളം നിലനിൽക്കും. ഇതാണ് വെളിപ്പാട് പുസ്തകത്തിന്റെ ചുരുക്കമായ ഒരു രേഖാചിത്രം.

ക്രിസ്തു തുറന്നതായ ദൈവവ്യവസ്ഥയുടെ ചുരുൾ മുഴുവനായി തുറക്കേണ്ടതിന് നിത്യത ആവശ്യമാണ്. ഇന്ന്, നമുക്ക് അതിന്റെ ഒരു ഭാഗം മാത്രമേ കാണുവാൻ കഴിയുന്നുള്ളൂ. നാം പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും കടന്ന് പുതിയ യെരൂശലേമിൽ ജീവിക്കുമ്പോൾ നമുക്ക് ഇപ്പോഴുള്ളതി നെക്കാൾ പൂർണ്ണമായ ഒരു കാഴ്ച ഉണ്ടായിരിക്കും. നിത്യതയിൽ നാം കാണുന്ന ചുരുൾ നിത്യതയോളം നീളമുള്ളതായിരിക്കും. നിത്യതയിലേക്കു തുടരുന്ന ഏഴാം കാഹളത്തിൽ മഹോപദ്രവത്തിന്റെ അവസാനഭാഗം, വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ പുനരുത്ഥാനവും ഉൾപ്രാപണവും, വിശുദ്ധ ന്മാർക്കുള്ള പ്രതിഫലം, മഹാബാബിലോണിന്റെ വീഴ്ച, കുഞ്ഞാടിന്റെ വിവാഹം, ഏഴു കലശങ്ങൾ, ഹർമ്മഗെദ്ദോ നിൽവച്ച് എതിർക്രിസ്തുവിനോടു യുദ്ധംചെയ്യുവാൻ തന്റെ സൈന്യമായ അവന്റെ ജയാളികളുമായി ഭൂമിയിലേക്കുള്ള ക്രിസ്തുവിന്റെ ഇറങ്ങിവരവ്, സാത്താനെ ബന്ധിക്കുന്നത്, സഹസ്രാബ്ദരാജ്യം, മനുഷ്യവർഗത്തിന്റെ അവസാന മത്സരം, സാത്താനെ തീപ്പൊയ്കയിൽ എറിഞ്ഞുകളയുന്നത്, വലിയ വെള്ളസിംഹാസനത്തിലെ ന്യായവിധി, പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം എന്നീ നിരവധി വിശേഷകാര്യങ്ങൾ ഉൾക്കൊള്ളുന്നു.

സഹോദരൻ നീ യുവാവായിരുന്നപ്പോൾ വെളിപ്പാട് പുസ്തകത്തിന്റെ ഒരു പഠനം നടത്തിയിരുന്നു. ആ പഠനത്തിനുശേഷം ഈ പുസ്തകത്തെ സംബന്ധിച്ചുള്ള വളരെയധികം വെളിച്ചം അദ്ദേഹം കണ്ടു. 1933-ൽ, വെളിപ്പാട് പുസ്തകത്തിന്റെ ഒരു സമ്പൂർണ്ണ പഠനം ഞങ്ങൾക്കു തരുവാൻ ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. വെളിപ്പാട് പുസ്തകത്തിലെ ഓരോ അധ്യായവും ഞങ്ങൾ അറിയുകയും, ഏകദേശം മുഴുവൻ പുസ്തകവും കാണാതെപറയുകയും ചെയ്യുവോളം ഈ പുസ്തകം നിരവധി തവണ വായിക്കാതെ ഞങ്ങൾ ആവശ്യപ്പെട്ട പഠനം നൽകുകയില്ല എന്ന് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. ഈ ആവശ്യം വളരെ വലുതായിപ്പോയെന്ന് അപ്പോൾ ഞാൻ ചിന്തിച്ചു. എന്നാൽ നാം ഈ പുസ്തകത്തെ മനസ്സിലാക്കണമെങ്കിൽ അതിൽ അടങ്ങിയിരിക്കുന്ന എല്ലാ വിഷയങ്ങളും വിശദാംശങ്ങളും നാം പൂർണ്ണമായി അറിഞ്ഞിരിക്കണമെന്ന് കഴിഞ്ഞ വർഷങ്ങളിലൂടെ ക്രമേണ ഞാൻ പഠിച്ചു. ഓരോ അധ്യായവും നമുക്ക് പൂർണ്ണമായി സുപരിചിതമായിരിക്കണം.

വെളിപ്പാടിലെ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങൾ പൊതുവായ ഒരു രേഖാചിത്രമാണെന്നും അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ ചില പ്രധാനപ്പെട്ട കാര്യങ്ങളുടെയും നിർണ്ണായകമായ വിഷയങ്ങളുടെയും വിശദാംശങ്ങൾ നമുക്കു നല്കുന്നുവെന്നും നാം കണ്ടു. അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളുടെ തുടർച്ചയാണെന്നു ചിന്തിക്കരുത്. അല്ല, ഒരു അർഥത്തിൽ, അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളുടെ ഒരു പുനരവലോകനമാണ്. വെളിപ്പാട് പുസ്തകം വായിക്കുന്നത് ഒരു പട്ടണത്തിന്റെ ഭൂപടം വായിക്കുന്നതിനു സമമാണ്. ആദ്യം നാം പ്രധാനവീഥികൾ നോക്കുകയും പട്ടണത്തിന്റെ പൊതുവായ ഒരു രേഖാചിത്രം കാണുകയും ചെയ്യുന്നു. പിന്നീട് ചെറിയ വീഥികളും, ഇടവഴികളും, മറ്റുള്ള വിശദാംശങ്ങളും നോക്കേണ്ടതിന് നാം മടങ്ങിപ്പോകുന്നു. ഭൂപടത്തിന്റെ പൊതുവായ ഒരു പരിജ്ഞാനം ലഭിച്ചതിനുശേഷം ഭാഗം ഭാഗമായി അതിനെ പരിഗണിക്കേണ്ടതിന് നാം മുന്നോട്ടുപോകുന്നു.

വെളിപ്പാടിന്റെ രണ്ടാമത്തെ പകുതിയിലെ ആദ്യത്തെ പ്രധാനപ്പെട്ട വിശദാംശവും നിർണ്ണായക വിഷയവും 12:1-ൽ പറഞ്ഞിരിക്കുന്ന സ്ത്രീയാണ്. ഈ വാക്യം പറയുന്നു, "സ്വർഗത്തിൽ വലിയൊരു അടയാളം കണ്ടു: സൂര്യനെ അണിഞ്ഞൊരു സ്ത്രീ, അവളുടെ കാൽക്കീഴിൽ ചന്ദ്രനും, അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടവും ഉണ്ട്." ഇവിടെ സ്ത്രീ സ്വർഗത്തിൽ വെളിപ്പെട്ടും "വലിയൊരു അടയാളം" എന്ന് വിളിക്കപ്പെട്ടും ഇരിക്കുന്നു. ഈ വലിയ അടയാളം ബലവാനായ ഒരു പുരുഷന്റെയല്ല, ഒരു സ്ത്രീയുടെയാണ്. ഈ ഭയങ്കരമായ ദർശനത്തിലെ സ്ത്രീ ഭൂമിയിലല്ല, സ്വർഗത്തിലാണ്. അവൾ സൂര്യനെ അണിഞ്ഞിരിക്കുന്നു, അവളുടെ കാൽക്കീഴിൽ ചന്ദ്രനും, തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടവും ഉണ്ട്. അവൾ പന്ത്രണ്ടു നക്ഷത്രങ്ങളുടെ പ്രകാശത്തിൻ കീഴിലും, ചന്ദ്രന്റെ പ്രകാശത്തിന്റെ മുകളിലും, സൂര്യന്റെ പ്രകാശത്താൽ പൊതിയപ്പെട്ടും ഇരിക്കുന്നു. ഇതുനിമിത്തം, അവൾ പൂർണ്ണമായി മോചിപ്പിക്കപ്പെട്ടവളാണ്. ഇരുട്ടിലായിരിക്കുന്ന എന്തും ബന്ധിക്കപ്പെട്ടും തടവിലാക്കപ്പെട്ടും ഇരിക്കുന്നു; എന്നാൽ വെളിച്ചത്തിലായിരിക്കുന്ന എന്തും വിടുവിക്കപ്പെട്ടും മോചിപ്പിക്കപ്പെട്ടും ഇരിക്കുന്നു.

ഈ സ്ത്രീയുടെ ഒരു ഭാഗമായിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? ഞാൻ ഈ ചോദ്യം നിങ്ങളോടു ചോദിക്കട്ടെ: നിങ്ങൾ ഒരു ആണാണോ അതൊ ഒരു പെണ്ണാണോ? തീർച്ചയായും എല്ലാ സഹോദരിമാർക്കും ഈ ചോദ്യത്തിനുള്ള ഉത്തരം എളുപ്പത്തിൽ പറയുവാൻ കഴിയും. എന്നാൽ സഹോദരന്മാർ

എന്തു പറയും? അവർ ആണാണെന്നു പറയുന്നുവെങ്കിൽ അവർക്ക് ഈ ദർശനത്തിലെ സ്ത്രീയിൽ യാതൊരു പങ്കുമില്ല. ഈ സ്ത്രീയിൽ നിങ്ങൾ ഉൾപ്പെടുന്നുണ്ടോ? ഉൾപ്പെടുന്നുവെങ്കിൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങൾ ഒരു പെണ്ണാണ്.

വേദപുസ്തകത്തിന്റെ ആരംഭംമുതൽ അവസാനംവരെ, ദൈവത്തിന്റെ ദൃഷ്ടിയിൽ, ദൈവത്തിന്റെ ജനത്തെ ഒരു സ്ത്രീയായി പരിഗണിച്ചിരിക്കുന്നു. യെശയ്യാവ് 54:5 പറയുന്നു, "നിന്റെ സ്രഷ്ടാവ് നിന്റെ ഭർത്താവാകുന്നു." യിരെമ്യാവ് 3:14-ൽ കർത്താവ് തന്റെ മക്കളോട് താൻ അവരെ വിവാഹം ചെയ്തിരിക്കുന്നുവെന്നു പറയുന്നു; യിരെമ്യാവ് 31:32-ൽ താൻ അവർക്കൊരു ഭർത്താവാണെന്നു പറയുന്നു. കൂടാതെ, ഹോശെയാ 2:19-ലും 20-ലും കർത്താവു പറയുന്നത് അവൻ തന്റെ ജനത്തെ സദാകാലത്തേക്കും വിവാഹത്തിനു നിശ്ചയിക്കും എന്നാണ്. നമുക്കെല്ലാം അറിയാവുന്നതുപോലെ, കർത്താവായ യേശു രക്ഷകനായും കുഞ്ഞാടായും വന്നുവെങ്കിലും ഒരു ദിവസം അവൻ ശിഷ്യന്മാരോടു ചൂണ്ടിക്കാണിച്ചത് അവൻ മണവാളനായി വന്നു എന്നാണ് (മത്താ. 9:15; യോഹ. 3:29). കൂടാതെ, 2 കൊരിന്ത്യർ 11:2-ൽ പൗലൊസ് പറയുന്നു, "ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമലകന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു." സഹോദരന്മാരേ, നിങ്ങൾക്ക് ഒരു ഭർത്താവുണ്ടോ? നമ്മുടെ ഭർത്താവ് ക്രിസ്തു ആയിരിക്കുന്നതു കൊണ്ട് നമുക്കു കർത്താവിനെ സ്തുതിക്കാം. സ്വാഭാവികമായി സഹോദരന്മാരായ നാം ആണുങ്ങളാണെങ്കിലും, ആത്മികമായി ഒരു അർഥത്തിൽ നാം ദൈവത്തിന്റെ ദൃഷ്ടിയിൽ പെണ്ണുങ്ങളാണ്. ദൈവത്തിന്റെ നിത്യവ്യവസ്ഥയിൽ ക്രിസ്തു എന്ന നിസ്തുലനായ ഒരു പുരുഷൻ മാത്രമേയുള്ളൂ. ആദാം മണവാളനായ ക്രിസ്തുവിന്റെ ഒരു അടയാളം, ഒരു മുൻകുറിയും, ആദാമിന്റെ ഭാര്യയായ ഹവ്വ, ദൈവത്തിന്റെ ജനം ക്രിസ്തുവിന്റെ നേരിണ, ഭാര്യയായിരിക്കുന്നതിന്റെ ഒരു അടയാളം, ഒരു മുൻകുറിയും ആയിരുന്നു. അതുകൊണ്ട്, അവന്റെ വ്യവസ്ഥയിൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തെ എപ്പോഴും അവന്റെ ഭാര്യയായും അവനെ അവരുടെ ഭർത്താവായും ദൈവം പരിഗണക്കുന്നു. വെളിപ്പാട് 12-ൽ നമുക്ക് സ്ത്രീയും അവളുടെ കുട്ടിയും ഉണ്ടെങ്കിലും, ഇവിടെ അവളുടെ ഭർത്താവ് ആരാണെന്ന് നമ്മോടു പറഞ്ഞിട്ടില്ല. എന്നിരുന്നാലും, അവൾ ഗർഭിണിയാണെന്നും അവളുടെ കുഞ്ഞിനെ അവൾ പ്രസവിക്കാറായെന്നും ഈ അധ്യായം വെളിപ്പെടുത്തുന്നു. അവൾ ആരാൽ ഗർഭിണിയായിത്തീർന്നു, ആരാണ് അവളുടെ കുട്ടിയുടെ സ്രോതസ്സ്? മുഴുവൻ വേദപുസ്തകം വായിക്കുന്നതിലൂടെ ക്രിസ്തുവിൽ ദൈവമാണ് അവളുടെ ഭർത്താവെന്നു നാം കാണുന്നു.

Wed

## I. ദൈവജനത്തിന്റെ ആകത്തുകയുടെ അടയാളം

വെളിപ്പാട് പുസ്തകം മനസ്സിലാക്കുവാൻ പ്രയാസമാണ്. ഈ പുസ്തകത്തെ നാം ശരിയായി വ്യാഖ്യാനിക്കണമെങ്കിൽ, വേദപുസ്തകത്തിലെ മറ്റ് അറുപത്തഞ്ച് പുസ്തകങ്ങളും നമുക്കാവശ്യമാണ്. ഇക്കാരണത്താൽ, ഈ സ്ത്രീ ആരാണെന്ന് നാം മനസ്സിലാക്കുന്നതിനായി നമുക്ക് മുഴുവൻ വേദപുസ്തകവും ആവശ്യമാണ്. ഈ സ്ത്രീ യേശുവിന്റെ അമ്മയായ മറിയ ആണെന്നും ആൺകുട്ടി യേശുവാണെന്നുമുള്ള ധാരണ ചില ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ പിടിച്ചിട്ടുണ്ട്. എന്നാൽ യേശു ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ആരോഹണം ചെയ്തതുകൊണ്ട് ഈ ധാരണ ഈ അധ്യായത്തിന്റെ സന്ദർഭത്തിനു യോജിക്കുന്നില്ല. എന്നാൽ 12:5, 6 എന്നീ വാക്യങ്ങളിൽ ആൺകുട്ടി ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടുമെന്നും, ഇതിനെതുടർന്ന് സ്ത്രീയെ "ആയിരത്തിരുനൂറ്ററുപതു ദിവസം" പോഷിപ്പിക്കുമെന്നും നമ്മോടു പറഞ്ഞിരിക്കുന്നു (വാ. 6). ഈ ആയിരത്തിരുനൂറ്ററുപതു ദിവസം മഹോപദ്രവകാലമായ മൂന്നര വർഷം, അഥവാ നാല്പത്തിരണ്ടു മാസം ആണ് (12:14; 11:2-3; 13:5). ആൺകുട്ടി കർത്താവായ യേശു അല്ലെന്നും സ്ത്രീ മറിയ അല്ലെന്നുമാണ് ഇതു തെളിയിക്കുന്നത്. മറിയ ഭൂമിയിൽ ഏകയായ ഒരു സ്ത്രീ ആയിരുന്നു, എന്നാൽ ഈ സ്ത്രീ സാർവത്രികമായി സംഘാതയും സ്വർഗത്തിൽ വെളിപ്പെട്ടവളും ആണ്.

ഈ സ്ത്രീ യെഹൂദവംശമായ യിസ്രായേൽ ആണെന്ന് മറ്റു ചിലർ പറയുന്നു. ഈ കാഴ്ചപ്പാട് പിടിച്ചിരിക്കുന്നവർ അവരുടെ അടിസ്ഥാനമായി ഉല്പത്തി 37:9-നെ എടുക്കുന്നു. ഈ വാക്യമനുസരിച്ച്, സൂര്യനും, ചന്ദ്രനും, പതിനൊന്നു നക്ഷത്രങ്ങളും തന്നെ വണങ്ങുന്നതായ ഒരു സ്വപ്നം യോസേഫ് കണ്ടിരുന്നു. സ്ത്രീ സൂര്യനെയും പന്ത്രണ്ടു നക്ഷത്രങ്ങളെയും ധരിക്കുകയും ചന്ദ്രനുമേൽ നിൽക്കുകയും ചെയ്യുന്നതിനാൽ, പ്രത്യക്ഷത്തിൽ തന്റെ കുടുംബത്തെ സംബന്ധിച്ച യോസേഫിന്റെ സ്വപ്നത്തോട് ഒത്തുവരുന്നതുകൊണ്ട്, വെളിപ്പാട് 12-ലെ സ്ത്രീ യെഹൂദജനമായ യിസ്രായേലിനെ സൂചിപ്പിക്കുന്നുവെന്നു പറയുന്നു. എന്നാൽ ഈ സ്ത്രീ "ദൈവത്തിന്റെ കൽപനകൾ കാക്കുന്നവരെ" മാത്രമല്ല, "യേശുവിന്റെ സാക്ഷ്യം ഉള്ളവരെയും" ഉൾക്കൊള്ളുന്നുവെന്ന് 12:17 തെളിയിക്കുന്നു. "ദൈവത്തിന്റെ കൽപനകൾ കാക്കുന്നവർ" യെഹൂദന്മാരാണ്. എന്നാൽ "യേശുവിന്റെ സാക്ഷ്യം ഉള്ളവർ" യെഹൂദന്മാരല്ല, പുതിയനിയമ വിശ്വാസികളായിരിക്കണം. സ്ത്രീ യെഹൂദന്മാർ മാത്രല്ല, രണ്ടു ഗണത്തിലുള്ള ജനം, ദൈവത്തിന്റെ കൽപനകൾ കാക്കുന്ന യെഹൂദന്മാരും, യേശുവിന്റെ സാക്ഷ്യം ഉള്ളവരായ വിശ്വാസികളും, ഉള്ളടങ്ങുന്നതാണെന്നതിന്റെ ശക്തമായ

തെളിവാണിത്. അതുകൊണ്ട്, ഈ സ്ത്രീ കേവലം യിസ്രായേൽ മാത്രമാണെന്ന് പറയുന്നത് ഈ അധ്യായത്തിന്റെ മുഴുവൻ സന്ദർഭത്തിനും യോജിക്കുന്നില്ല.

ഈ അധ്യായത്തിലെ സ്ത്രീ ദൈവജനത്തിന്റെ ആകത്തുകയാണ്. ദർശനമനുസരിച്ച് ഈ ആകത്തുക മൂന്നു ഭാഗങ്ങളിലാണ്: പന്ത്രണ്ടു നക്ഷത്രങ്ങളോടുകൂടെയുള്ള അവളുടെ തലയുടെ ഭാഗവും, സൂര്യനെ അണിഞ്ഞിരിക്കുന്ന അവളുടെ ശരീരത്തിന്റെ ഭാഗവും, ചന്ദ്രനു മുകളിലുള്ള അവളുടെ പാദത്തിന്റെ ഭാഗവും. ഇക്കാരണത്താൽ പന്ത്രണ്ടു നക്ഷത്രങ്ങളും, ചന്ദ്രനും, സൂര്യനും ഉള്ളടങ്ങുന്ന ഈ സ്ത്രീ സാർവത്രികയാണ്. യോസേഫിന്റെ സ്വപ്നത്തിൽ, സൂര്യനും, ചന്ദ്രനും, പതിനൊന്നു നക്ഷത്രങ്ങളും യോസേഫും ചേർന്ന് ഭൂമിയിലുള്ള ദൈവജനത്തിന്റെ ആകത്തുകയെ സൂചിപ്പിച്ചു. ആ സ്വപ്നത്തിന്റെ തത്ത്വമനുസരിച്ച്, ഇവിടെയുള്ള സൂര്യനും, ചന്ദ്രനും, പന്ത്രണ്ടു നക്ഷത്രങ്ങളും ഭൂമിയിലുള്ള ദൈവജനത്തിന്റെ ആകത്തുകയെ സൂചിപ്പിക്കണം, ഈ അധ്യായത്തിൽ അത് ഒരു സ്ത്രീയാൽ പ്രതീകവൽക്കരിക്കപ്പെട്ടിരിക്കുന്നു.

അവളുടെ ആളത്തത്തിലെ ഭൂരിഭാഗവും സൂര്യനെ അണിഞ്ഞിരിക്കുന്നു. സൂര്യൻ പുതിയനിയമ യുഗത്തിലെ ദൈവജനത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു ലോകത്തിലേക്കു വരുന്നതിനുമുമ്പ്, അത് പഴയനിയമ യുഗത്തിന്റെ ഇരുണ്ട രാത്രിയായിരുന്നു. ക്രിസ്തു വന്നപ്പോൾ, അത് സൂര്യയുഗത്തിന്റെ ആരംഭമായ, ഉയരത്തിൽനിന്നുള്ള സുര്യോദയമായിരുന്നു (ലൂക്കൊ. 1:78). അതിനുമുമ്പ്, അത് പഴയനിയമ കാലത്തുള്ള ദൈവജനത്തെ സൂചിപ്പിക്കുന്ന ചന്ദ്രയുഗമായിരുന്നു. ചന്ദ്രൻ സ്ത്രീയുടെ കാൽക്കീഴിലാണ്, കാരണം ചന്ദ്രയുഗം ന്യായപ്രമാണ ത്തിന്റെ യുഗമായിരുന്നു, അത് നക്ഷത്രങ്ങളെപ്പോലെ ഉയർത്ത പ്പെടേണ്ടതല്ല. ന്യായപ്രമാണം നല്കുന്നതിനുമുമ്പുള്ള ദൈവജനമായ ആദിമ പിതാക്കന്മാരെ സൂചിപ്പിക്കുന്ന നക്ഷത്രങ്ങൾ, ഒരു കിരീടംപോലെ അവളുടെ തലയിലുണ്ട്. ഈ സ്ത്രീയെ ഒരുമിച്ചു സംരചിക്കുന്ന ഈ മൂന്നു യുഗങ്ങളിലുള്ള ദൈവത്തിന്റെ സകല ജനവും പ്രകാശവാഹികളാണ്. തന്മൂലം, അവൾ തലമുറകളുടനീളം പ്രകാശിക്കുന്ന ശോഭയുള്ള സ്ത്രീയാണ്.

## A. പന്ത്രണ്ടു നക്ഷത്രങ്ങളാൽ പ്രതീകവൽക്കരിക്കപ്പെട്ടിരിക്കുന്ന ആദിമപിതാക്കന്മാർ

നാം വേദപുസ്തകം ശ്രദ്ധയോടെ വായിക്കുമെങ്കിൽ, ദൈവത്തിന്റെ ജനത്തെ മൂന്നു കൂട്ടമായി ഭാഗിച്ചിരിക്കുന്നവെന്നു നാം കാണും. ഒന്നാമതായി, ആദാമിന്റെ സമയം മുതൽ മോശെയുടെ സമയം വരെ ജീവിച്ചിരുന്ന പിതാക്കന്മാരുണ്ട്; രണ്ടാമതായി,

മോശെമുതൽ ക്രിസ്തുവിന്റെ ഒന്നാമത്തെ വരവുവരെയുള്ള ന്യായപ്രമാണത്തിൻകീഴിലുള്ള ജനമുണ്ട്; മൂന്നാമതായി, ക്രിസ്തുവിന്റെ ഒന്നാമത്തെ വരവുമുതൽ അവന്റെ രണ്ടാമത്തെ വരവുവരെയുള്ള സഭയെ സംരചിക്കുന്ന വിശ്വാസികളുണ്ട്. പ്രപഞ്ചത്തിൽ ദൈവജനത്തിന്റെ ഭൂരിഭാഗവും മൂന്നാമത്തെ ഭാഗത്തിലുള്ളവരാണ്. ആദിമപിതാക്കന്മാർ സ്വർഗീയ വെളിച്ചത്തോടുകൂടെ രാത്രിയിൽ വ്യക്തിപരമായി പ്രകാശിക്കുന്ന പന്ത്രണ്ടു നക്ഷത്രങ്ങളാൽ പ്രതീകവൽകരിക്കപ്പെട്ടിരിക്കുന്നു (ദാനി. 12:3). എല്ലാ പിതാക്കന്മാരും വ്യക്തിപരമായ നക്ഷത്രങ്ങളായിരുന്നു. അവരുടെ യുഗത്തിൽ ക്രിസ്തു വന്നിട്ടില്ലാതിരുന്നതുകൊണ്ടും പകൽ ഉദിക്കാതിരുന്നതുകൊണ്ടും അവർ രാത്രിസമയത്ത് വസിച്ചിരുന്നു. വ്യക്തിപരമായ നക്ഷത്രങ്ങളെന്ന നിലയിൽ അവർ ഈ സാർവത്രിക സ്ത്രീക്ക് ദൈവകൃപയുടെ തേജസ്സിനെയും അവന്റെ ഉയർത്തപ്പെട്ട വ്യവസ്ഥയെയും പ്രതീകവൽക്കരിക്കുന്ന ഒരു കിരീടമാണ്. പന്ത്രണ്ട് എന്ന സംഖ്യ ദൈവത്തിന്റെ നിത്യവ്യവസ്ഥയിലുള്ള പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു. ദൈവകൃപയുടെ തത്ത്വത്തിലുള്ളവരായ ആദിമപിതാക്കന്മാർ ന്യായപ്രമാണത്തിൻ കീഴിലായിരുന്നില്ല; ഇക്കാരണത്താൽ, അവർ സ്ത്രീയുടെ തലമേൽ ഉയർത്തപ്പെട്ട ഒരു കിരീടമായിരുന്നു. ഹാബേൽ, ഏനോശ്, ഹാനോക്ക്, നോഹ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ എല്ലാ ആദിമപിതാക്കന്മാരും ഒരു കിരീടമായി കരുതപ്പെടുന്നു.

## B. ചന്ദ്രനാൽ പ്രതീകവൽകരിക്കപ്പെടുന്ന യിസ്രായേൽമക്കൾ

ആദിമപിതാക്കന്മാർക്കുശേഷം, നമുക്ക് സൂര്യനെ (ക്രിസ്തുവിനെ) പ്രതിബിംബിക്കുകയും ക്രിസ്തുവിന്റെ വെളിച്ചത്തിൽ കൂട്ടായി പ്രകാശിക്കുകയും ചെയ്യുന്ന ചന്ദ്രനാൽ പ്രതീകവൽക്കരിക്കപ്പെടുന്ന യിസ്രായേൽമക്കളുണ്ട്. യിസ്രായേൽമക്കൾ ന്യായപ്രമാണത്തിൻ കീഴിലുള്ള രാത്രിയിലായിരുന്നു. ന്യായപ്രമാണം നല്ലതായിരുന്നെങ്കിലും, അത് ഉയർത്തപ്പെട്ടതായിരുന്നില്ല. മറിച്ച്, ഈ അധ്യായത്തിൽ അതിനെ സ്ത്രീയുടെ പാദത്തിൻകീഴെയുള്ള ചന്ദ്രനായി ചിത്രീകരിച്ചിരിക്കുന്നു. ഈ ദർശനമനുസരിച്ച്, ചന്ദ്രൻ അവളുടെ തലമേലല്ല, അവളുടെ പദത്തിൻകീഴിലാണ്. ചന്ദ്രൻ ശോഭയുള്ളതും പ്രകാശിക്കുന്നതുമാണെങ്കിലും, അത് അവളുടെ കീഴെയാണ്. ഇത് അർഥമാക്കുന്നത് ന്യായപ്രമാണത്തിന്റെ തത്ത്വം ദൈവദൃഷ്ടിയിൽ ഉയർത്തപ്പെട്ടതല്ല എന്നാണ്.

## C. സൂര്യനാൽ പ്രതീകവൽക്കരിക്കപ്പെടുന്ന സകല വിശ്വാസികളും ചേരുന്ന സഭ

ഈ സ്ത്രീ സൂര്യനെ, ക്രിസ്തുവിനെ, അണിഞ്ഞിരിക്കുന്നു.

ലൂക്കൊാസ് 1:78-ഉം 79-ഉം അനുസരിച്ച്, ക്രിസ്തു വന്നപ്പോൾ അത് സൂര്യോദയമായിരുന്നു. ഇരുട്ടിൽ ഇരിക്കുന്ന ജനത്തിന്മേൽ പ്രകാശിക്കുവാനുള്ള വലിയ വെളിച്ചമായി ക്രിസ്തു വന്നുവെന്ന് മത്തായി 4:13-16 പറയുന്നു. ക്രിസ്തുവിന്റെ വരവിനുമുമ്പ് അത് രാത്രിസമയമായിരുന്നുവെന്ന് ഇത് അർഥമാക്കുന്നു. സൂര്യനാൽ പ്രതീകവൽക്കരിക്കപ്പെടുന്ന സകല വിശ്വാസികളും ചേരുന്ന സഭ ദൈവതേജസ്സോടുകൂടെ പകലിൽ കൂട്ടായി പ്രകാശിക്കുന്നു (ഫിലി. 2:15; 2 കൊരി. 3:18). സഭ ദൈവജനത്തിന്റെ ഭൂരിഭാഗമാണെന്നത് സൂര്യൻ സ്ത്രീയുടെ ശരീരത്തെ ചുറ്റിയിരിക്കുന്നു എന്ന വസ്തുതയാൽ സൂചിപ്പിക്കപ്പെടുന്നു. ക്രിസ്തു വന്നിരിക്കുന്നതിനാൽ നാം പകലിൽ ജീവിക്കുന്നു. ഒരർഥത്തിൽ, നാം ജീവിക്കുന്ന യുഗം രാത്രിയാണെങ്കിലും, കർത്താവു മടങ്ങിവരുമ്പോൾ ഒരു വലിയ പകൽ നമുക്കുണ്ടായിരിക്കും എന്നതിനാൽ, ക്രിസ്തുവിന്റെ ഒന്നാം വരവോടെ ആരംഭിച്ച ഈ പകൽ കുറഞ്ഞപക്ഷം ഒരു ചെറിയ പകലാണ്. സഹസ്രാബ്ദരാജ്യം ഒരു വലിയ പകലായിരിക്കും, കാരണം ആ സമയം സൂര്യന്റെ വെളിച്ചം ഇന്നത്തേതിനെക്കാൾ ഏഴു മടങ്ങ് ശക്തിയുള്ളതായിരിക്കും (യെശ. 30:26). വലിയൊരു പകൽ വരുന്നതു പ്രതീക്ഷിച്ചുകൊണ്ട് നാം ചെറിയ പകലിൽ ജീവിക്കുന്നു. ഏഴുമടങ്ങ് സൂര്യപ്രകാശമുള്ള പകലിനെ പ്രതീക്ഷിച്ചുകൊണ്ട് നാം ഒരുമടങ്ങ് സൂര്യപ്രകാശത്തിൽ ജീവിക്കുന്നു. രാത്രി കഴിയാറായി എന്നു പറയുന്ന റോമർ 13:12-ഉം, ക്രിസ്തു ശുഭ്രമായ ഉദയനക്ഷത്രമെന്നു പറയുന്ന വെളിപ്പാട് 22:16-ഉം ചൂണ്ടിക്കാണിച്ചുകൊണ്ട് ചിലർ എന്നോട് തർക്കിക്കുമായിരിക്കും. ഈ വാക്യങ്ങളെല്ലാം എനിക്കു സുപരിചിതമാണ്. വേദപുസ്തകത്തിലെ സത്യങ്ങൾക്ക് രണ്ടു വശങ്ങളുണ്ടെന്ന് ഓർക്കുക. നാം രണ്ടു ഭാവങ്ങളും രണ്ടു വശങ്ങളും കണക്കിലെടുക്കണം. ക്രിസ്തു വന്നുകഴിഞ്ഞതിനാൽ, നാം രാത്രിയിലല്ല, പകലിലാണ്. നാം എന്താണ്—ഒരു നക്ഷത്രമോ, അതോ സൂര്യന്റെ ഒരു ഭാഗമോ? ഒരു വശത്ത്, നാം രാത്രിയിലുള്ള നക്ഷത്രങ്ങളാണ് (1:20); മറുവശത്ത്, നാം പകലിലുള്ള സൂര്യന്റെ ഒരു ഭാഗമാണ്.

ഈ വലിയ അടയാളം എത്ര മനോഹരമാണ്! വേദപുസ്തകം ദൈവത്താൽത്തന്നെ പ്രചോദിതവും എഴുതപ്പെട്ടതും ആണെന്നതിന്റെ മറ്റൊരു തെളിവാണിത്. എല്ലാ ദൈവജനത്തെയും സൂചിപ്പിക്കുവാൻ സ്ത്രീയുടെ അടയാളം ഉപയോഗിക്കുന്നതിന് ഈ ജ്ഞാനം മറ്റാർക്കും ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. മോശെ, ദാവീദ്, ശലോമോൻ, യെശയ്യാവ്, യിരെമ്യാവ്, ദാനീയേൽ മുതലായവരെല്ലാം ചന്ദ്രന്റെ ഭാഗമായിരുന്നു. എന്നാൽ പുതിയനിയമ വിശ്വാസികളായ നാം ക്രിസ്തുവിന്റെ ഭാഗമായതുകൊണ്ട് സൂര്യന്റെ ഭാഗമായതിനാൽ കർത്താവിനു സ്തോത്രം. ഇതാണ് സാർവത്രികമായ ശോഭയുള്ള സ്ത്രീയുടെ ദർശനം.

## II. സാർവത്രികം

ഈ അധ്യായത്തിലെ സ്ത്രീ കാലത്തിലും വ്യാപ്തിയിലും സാർവത്രികയാണ്. ആദാമിന്റെ സൃഷ്ടിപ്പുമുതൽ നിത്യതവരെ അവൾ കാലത്തിൽ സാർവത്രികയാണ്. ഭൂമിയിലും സ്വർഗത്തിലും അവൾ വ്യാപ്തിയിലും സാർവത്രികയാണ്. അവൾ മറിയ അല്ലെന്നുള്ളതിന്റെ ശക്തമായ തെളിവാണിത്; എന്നാൽ നാം എല്ലാവരും എന്നപോലെ മറിയ അവളിൽ ഉൾക്കൊള്ളുന്നു. ഈ സാർവത്രികമായ ശോഭയുള്ള സ്ത്രീ മറിയയാണെന്ന് ജനത്തിന് എങ്ങനെ പറയുവാൻ കഴിയും? മറിയ വളരെ ചെറിയവളാണ്. അവൾ അത്ര ശോഭയുള്ളവളല്ല, അവൾ തീർച്ചയായും സാർവത്രികയും അല്ല. മറിയ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള ഒരു കിരീടം ധരിക്കുന്നില്ല. ഈ സ്ത്രീ യിസ്രായേൽ വംശവും അല്ല, കാരണം യിസ്രായേൽ ചന്ദ്രനാൽ പ്രതിനിധീകരിക്കപ്പെടുന്നു. ഈ സ്ത്രീയെ ഒരിക്കൽക്കൂടെ നോക്കുക: അവളുടെ തലയിൽ പിതാക്കന്മാരെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു നക്ഷത്രങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഹാബേലും, ഹാനോക്കും, നോഹയും, അബ്രാഹാമും, യിസ്ഹാക്കും, യാക്കോബും തീർച്ചയായും നക്ഷത്രങ്ങളായിരുന്നു. യിസ്രായേൽമക്കൾ ചന്ദ്രനാൽ പ്രതിനിധീകരിക്കപ്പെടുന്നു. ചിലപ്പോഴെല്ലാം അവർ എത്ര ദുഷ്ടരും പരാജിതരും ആയിരുന്നെങ്കിലും, ആപേക്ഷികമായി പറഞ്ഞാൽ, അവർ ചന്ദ്രനിന്മേലുള്ള ജനമായിരുന്നു. അന്യജാതിക്കാരോ വിഗ്രഹാരാധികളോ അല്ല, യിസ്രായേൽമക്കൾ മാത്രമായിരുന്നു, പ്രകാശിക്കുന്ന ചന്ദ്രന്റെമേൽ നിൽക്കുന്ന ജനം. മിസ്രയീമ്യരോ, ബാബിലോണ്യരോ, യവനന്മാരോ, റോമാക്കാരോ, ചൈനാക്കാരോ ആയ ആളുകൾ ചന്ദ്രന്റെമേൽ നിൽക്കുകയായിരുന്നോ? തീർച്ചയായും ഇല്ല. അവർ കൽക്കരിക്കൂമ്പാരത്തിന്മേൽ നിന്നിട്ടുണ്ടാകാം, എന്നാൽ പ്രകാശിക്കുന്ന ചന്ദനിന്മേൽ നിന്നിട്ടില്ല. മറ്റെല്ലാ വംശവും ഇരുണ്ട കാര്യങ്ങളിൽ നിൽക്കുകയായിരുന്നു, ഇപ്പോഴും നിൽക്കുന്നു. മനുഷ്യവർഗത്തിനിടയിൽ, യിസ്രായേൽ എന്ന ഏക ജനം, ചന്ദ്രനിന്മേൽ നിൽക്കുന്നു. എങ്കിലും, ക്രിസ്തു എന്ന സൂര്യൻ വരും എന്നതിന്റെ ഒരു അടയാളമാണ് ചന്ദ്രനെന്ന് അവർ തിരിച്ചറിയുന്നില്ല. ഇന്ന് നാം സൂര്യനാണെന്നതുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു. നമ്മുടെ ഇടയിൽ ചില യെഹൂദന്മാരായ വിശ്വാസികൾ ഉണ്ടെങ്കിലും, അവർ ഇനിമേൽ ചന്ദ്രന്റെ ഭാഗമല്ല, അവർ സൂര്യന്റെ ഭാഗമാണ്. ക്രിസ്തു സൂര്യനായതുകൊണ്ടും നാം ക്രിസ്തുവിന്റെ ഭാഗമായതുകൊണ്ടും സഭ സൂര്യനാണ്. ക്രിസ്തു തലയായ സൂര്യനും നാം ശരീരമായ സൂര്യനും ആണ്. ശോഭയുള്ള ഈ സാർവത്രിക സ്ത്രീയുടെ മുഖ്യമായ ഭാഗത്തിൽ നാം ഉള്ളതിനായി കർത്താവിനു സ്തോത്രം.

## III. വിൺവെളിച്ചത്തിൽ ശോഭയുള്ളത്

പന്ത്രണ്ടാം അധ്യായത്തിലെ സ്ത്രീ കാലത്തിലും വ്യാപ്തിയിലും സാർവത്രിക മാത്രമല്ല, അവൾ വിൺവെളിച്ചത്തിൽ ശോഭയുള്ളവളും ആണ്. അവൾ ശോഭയുള്ള ചന്ദ്രനിന്മേലും ശോഭയുള്ള നക്ഷത്രങ്ങൾക്കു കീഴിലും നിൽക്കുകയും ശോഭയുള്ള സൂര്യനെ അണിഞ്ഞിരിക്കുകയും ചെയ്യുന്നു. അവൾ ആകമാനം ശോഭയുള്ളവളാണ്, യാതൊരു ഇരുട്ടിലും ആകുന്നില്ല. അവളുടെ ശോഭ ആകാശത്തുള്ളത്, സ്വർഗീയം ആണ്. അവളുടെ വലിയ ഭാഗമെന്ന നിലയിൽ, സഭയായ നാം, ഇതുപോലെ ആയിരിക്കണം.

## IV. ഒരു സാർവത്രികയുദ്ധം

ഉല്പത്തി 3-ൽ സ്ത്രീയിലൂടെ ചെറിയ പാമ്പ് കടന്നുവന്നു. സ്ത്രീ പുരുഷനെക്കാൾ ബലഹീനയായതുകൊണ്ട് സ്ത്രീയിലൂടെ പാമ്പ് കടന്നുവന്നു എന്ന് നൂറ്റാണ്ടുകളിലുടനീളം വേദപുസ്തകത്തെ വിശദീകരിക്കുന്നവർ പറഞ്ഞിരിക്കുന്നു. എന്റെ ആദ്യകാല ശുശ്രൂഷയിൽ, ഞാനും ഇതേ കാര്യം തന്നെ പറഞ്ഞു. എന്നാൽ ഇന്ന്, ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിൽ നാം ഒന്നമതായി ആണല്ല, പെണ്ണാകണമെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരിൽ വിഷംകലർത്തണമെന്ന് കൗശലക്കാരനായ പാമ്പിന് അറിയാമായിരുന്നു. നാം ഇന്ന് ആദാമിന്റെ ഭാഗമല്ല, സാർവത്രികമായ ശോഭയുള്ള സ്ത്രീയുടെ ഭാഗമാണ്. ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ അവൾ ദൈവത്താൽ ഉപയോഗിക്കപ്പെടുമെന്ന് സാത്താൻ അറിഞ്ഞിരുന്നതുകൊണ്ട് പെണ്ണിനെ നശിപ്പിക്കുവാൻ സാത്താൻ കടന്നുവന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഒന്നാമതായി താൻ ഒരു പെണ്ണാണെന്ന് പരിഗണിക്കാത്തവന് ദൈവത്തിന്റെ വ്യവസ്ഥ നിറവേറ്റുവൻ ഒരിക്കലും കഴിയുകയില്ല. "കർത്താവേ, ഞാൻ പുരുഷനല്ല. കർത്താവേ, നീ പുരുഷനും ഞാൻ സ്ത്രീയുടെ ഭാഗവും ആണ്. നീ ആണും ഞാൻ പെണ്ണിന്റെ ഒരു ഭാഗവും ആയതിനാൽ, ഞാൻ നിന്നെ എന്റെ ഭർത്താവായും എന്റെ തലയായും എടുക്കുകയും, നിനക്ക് കീഴ്പെടുകയും ചെയ്യണം" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഒന്നാമതതായി നിങ്ങളെത്തന്നെ ഒരു പെണ്ണായി പരിഗണിക്കണം.

പാമ്പ് സ്ത്രീയെ നശിപ്പിച്ചതിനുശേഷം, "ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും" എന്നു പറഞ്ഞുകൊണ്ട് പാമ്പിനെ ന്യായംവിധിക്കുവാൻ ദൈവം ഇടയിൽ കടന്നുവന്നു (ഉല്പ. 3:15). ഉല്പത്തി 3-നാൽ വെളിപ്പാട് 12 വ്യാഖ്യാനിക്കപ്പെടണം. ഉല്പത്തി 3:15-ൽ നമുക്ക് സ്ത്രീയും, പാമ്പും, സ്ത്രീയുടെ സന്തതിയും ഉണ്ട്. വെളിപ്പാട്

12-ൽ നമുക്ക്, കുറെക്കൂടി വലിയ തോതിലാണെങ്കിലും, ഇതേ മൂന്നു കാര്യങ്ങളുണ്ട്. ഇപ്പോൾ സ്ത്രീ വളരെ വലുതായിരിക്കുന്നു, പാമ്പ് മഹാവ്യാളിയായിത്തീർന്നിരിക്കുന്നു, സ്ത്രീയുടെ സന്തതി ആൺകുട്ടിയായി വികാസംപ്രാപിച്ചിരിക്കുന്നു. വെളിപ്പാട് 12-ലെ സ്ത്രീ ഉല്പത്തി 3:15-ലെ സ്ത്രീയോടുകൂടെ ആരംഭിച്ചു. ഒരു കുഞ്ഞിനെ പുറപ്പെടുവിക്കുവാൻ പ്രസവത്തിനായി ഈറ്റുനോവനുഭവിക്കുന്ന ഒരു മഹാസാർവത്രിക ശോഭയുള്ള സ്ത്രീയുടെ അടയാളം കാണുന്നതിന് നമുക്കൊരു ദർശനം ആവശ്യമാണ്. ഈ സ്ത്രീയുടെ മുമ്പിൽ അവൾക്കെതിരായി യുദ്ധംചെയ്യുകയും കുഞ്ഞിനെ പ്രസവിച്ചയുടൻ അവനെ വിഴുങ്ങുവാൻ നോക്കിയിരിക്കുകയും ചെയ്യുന്ന ഒരു വ്യാളിയുണ്ട്. ആദ്യമായി ഉല്പത്തി 3:15-ൽ കാണുന്ന ഈ ശത്രുത്വം ദൈവത്തിൽനിന്നാണ്; ദൈവമായിരുന്നു പാമ്പിനും സ്ത്രീക്കും ഇടയിൽ ശത്രുത്വം വച്ചത്. പ്രപഞ്ചത്തിൽ ഇന്ന് ഒരു ഉഗ്രയുദ്ധം മാത്രമേയുള്ളൂ—ദൈവത്തിന്റെ ജനമായ സ്ത്രീയും വ്യാളിയായ പാമ്പും തമ്മിലുള്ള യുദ്ധം. നിങ്ങൾ ഈ ദർശനം കണ്ടിട്ടുണ്ടോ? ഇന്ന്, നാം എല്ലാവരും സ്ത്രീയുടെ ഏറ്റവും വലിയ ഭാഗമാണ്, നമ്മുടെ മുമ്പിൽ ഒരു വ്യാളിയുണ്ട്.

ഉല്പത്തി 3-ലെ പാമ്പ് എങ്ങനെയാണ് വെളിപ്പാട് 12-ൽ വ്യാളിയായിത്തീർന്നത്? വളരെയധികം ഭക്ഷിക്കുന്നതിനാലായിരുന്നു അത്. അവന്റെ ഭക്ഷിക്കലിലൂടെ പാമ്പ് തുടർമാനമായി വലുതായിക്കൊണ്ടിരിക്കുന്നു. അനേകർ അവനെ തീറ്റുകയായിരുന്നു; ഇപ്പോൾ അവൻ നമ്മെ വിഴുങ്ങുവാൻ ശ്രമിക്കുന്നു. എന്നാൽ നാം ഒരിക്കലും അവനാൽ വിഴുങ്ങപ്പെടുകയില്ല; പകരം നാം അവന് ഒരു മാരകപ്രഹരം നൽകും. കർത്താവ് പാമ്പിനെ ശപിച്ചപ്പോൾ അവനെ പൊടി തിന്നുവാൻ നിയോഗിച്ചു (ഉല്പ. 3:14). നാം പൊടി, ഭൗമികർ, ആയിരിക്കുന്നിടത്തോളം, നാം പാമ്പിനുള്ള ആഹാരമായിരിക്കും. എന്നാൽ നാം സ്വർഗീയരായാൽ അവനു നമ്മെ വിഴുങ്ങുവാൻ കഴിയുകയില്ല. നാം പൊടികൊണ്ടുള്ളവരോ ഭൗമികരോ അല്ല; നാം സ്വർഗീയമായ, ശോഭയുള്ള സ്ത്രീയുടെ ഭാഗമാണ്.

പ്രപഞ്ചത്തിൽ സ്ത്രീക്കും വ്യാളിക്കും ഇടയിൽ ഒരു തീവ്രയുദ്ധം നടന്നുകൊണ്ടിരിക്കുന്നു എന്ന ദർശനം നാം കാണണം. സഭയെ ഉപദ്രവിക്കുന്നവർ വ്യാളിയോട് ഒന്നാണ്. കത്തോലിക്കാസഭ കർത്താവിന്റെ പ്രിയരെ ഉപദ്രവിക്കുന്നതുകൊണ്ട്, അവൾ വ്യാളിയുമായി ഒന്നാണ്. വ്യാളിക്കുള്ളതുപോലെ ഏഴു തലയും പത്തു കൊമ്പുകളും ഉള്ള ഒരു മൃഗത്തെ പതിനേഴാം അധ്യായത്തിൽ നാം കാണുന്നു (12:3; 17:3). ഈ മൃഗത്തിന്മേൽ ധൂമ്രവർണവും കടുംചുവപ്പു നിറവുമുള്ള വസ്ത്രം ധരിച്ച് പൊന്നും വിലയേറിയ കല്ലും മുത്തും പൂശിയിരിക്കുന്ന ഒരു സ്ത്രീ ഇരിക്കുന്നു (17:3-4). മൃഗത്തിന്മേൽ സവാരിചെയ്യുന്ന വേശ്യയായ,

വ്യഭിചാരസത്യാഗിനിയായ കത്തോലിക്കാസഭ, ശോഭയുള്ള സ്ത്രീയെ ഉപദ്രവിക്കുന്നതിൽ വ്യാളിയോട് ഒന്നാണ്. അപ്പൊസ്തലനായ പൗലൊസ് തർസീസിലെ ശൗലായിരുന്നപ്പോൾ, അവൻ സഭയെ ഉപദ്രവിച്ചു. ആ സമയം, അവൻ യിസ്രായേലിന്റെ ഒരു ഭാഗമായ ചന്ദ്രന്റെ ഒരു ഭാഗമായിരുന്നോ? അല്ലായിരുന്നുവെന്ന് ശക്തമായി നാം പറയുന്നു. അതുപോലെ, യെഹൂദന്മാരാണെങ്കിലും പരീശന്മാർ ചന്ദ്രന്റെ ഭാഗമല്ലായിരുന്നു. കർത്താവായ യേശു അവരെ "പാമ്പുകൾ" എന്നും "സർപ്പസന്തതികൾ" എന്നും വിളിച്ചു (മത്താ. 23:33). അവർ ഉല്പത്തി 3:15-ൽ പറഞ്ഞിരിക്കുന്ന "സർപ്പത്തിന്റെ സന്തതി" ആയിരുന്നു. തർസീസിലെ ശൗലിനോടുകൂടെ അവർ മഹാവ്യാളിയുടെ ഭാഗമായിത്തീർന്നിരുന്നു. എന്നാൽ ശൗൽ മാനസാന്തരപ്പെട്ടതിനായി കർത്താവിന് സ്തോത്രം.

നിങ്ങൾ മതാനുസാരിയാണോ അല്ലയോ എന്നതു വിഷയമല്ല, കാരണം നിങ്ങൾ സഭയെ ഉപദ്രവിക്കുന്നിടത്തോളം വ്യാളിയുടെ ഭാഗമോ കുറഞ്ഞപക്ഷം വ്യാളിയോട് ഒന്നോ ആണ്. ദൈവത്തിനുവേണ്ടി പോരാടുകയാണെന്ന് പുരാതന യെഹൂദന്മാർ ചിന്തിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുവാനും ദൈവത്തിന്റെ വ്യവസ്ഥയെ തടസ്സപ്പെടുത്തുവാനും അവർ വ്യാളിയോടൊപ്പം പോരാടുകയായിരുന്നുവെന്ന് മനസ്സിലാക്കിയില്ല. ക്രിസ്ത്യാനികൾ ഇന്ന് കരുതിയിരിക്കണം. സഭയോടുള്ള അവരുടെ മനോഭാവം അവർ എന്താണെന്നും അവർ എവിടെയാണെന്നും തീരുമാനിക്കുന്നു. സഭയെ ഉപദ്രവിക്കുന്ന ഏതു ക്രിസ്ത്യാനിയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കെതിരായി വ്യാളിയുടെ പക്ഷമെടുത്തുകൊണ്ട് അവനുമായി ഒന്നാണ്. നമുക്ക് ഈ ദർശനം ഉണ്ടെങ്കിൽ, നിഷ്പക്ഷമായ നിലപാട് ഉണ്ടായിരിക്കുവാൻ കഴിയില്ലെന്ന് നാം കാണും. രണ്ടു കക്ഷികൾ മാത്രമേ ഉള്ളൂ—സ്ത്രീ അല്ലെങ്കിൽ വ്യാളി. നിങ്ങൾ ഏതു കക്ഷിക്കൊപ്പമാണ്? ഏതിനോടു കൂടെയാണ് നിങ്ങൾ നിൽക്കുന്നത്? ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്ന ചിലർ സഭയെ വെറുക്കുകയും അതു നിലംപൊത്തുവാൻ ആകാംക്ഷയുള്ളവരും ആണ്. അവർ സഭയെക്കുറിച്ച് കള്ളം പറയുകയും സഭയെ സംബന്ധിച്ച് കിംവദന്തികൾ പരത്തുകയും ചെയ്യുന്നു. അവർ സഭയെ എതിർക്കുകയും കഴിയുന്നിടത്തോളം അവളെ തടസ്സപ്പെടുത്തുന്നതിനും നശിപ്പിക്കുന്നതിനും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത് വ്യാളിയുടെ ദുരാത്മാവിൽനിന്നാണ്. ഈ ജനം വ്യാളിയുമായി ഒന്നാണ്. അവർ വ്യാളിയുടെ ഭാഗമല്ലെങ്കിൽ, അവർ കുറഞ്ഞപക്ഷം വ്യാളിയുടെ പക്ഷമെടുക്കുന്നു. "അവർ ക്രിസ്ത്യാനികളല്ലേ?" എന്നു നിങ്ങൾ ചോദിച്ചേക്കാം. പരീശന്മാർ യെഹൂദ മതാനുസാരികളായിരുന്നില്ലേ? എന്ന ചോദ്യത്താൽ ഞാൻ ഇതിന് ഉത്തരം നല്കും. തീർച്ചയായും അവർ ആയിരുന്നു. അവർ തങ്ങളുടെ

തിരുവെഴുത്തുകളെ പിടിച്ചിരുന്നു. അവരുടെ അഭിപ്രായമനുസരിച്ച്, ക്രിസ്തുവിനെ മരണത്തിനു ശിക്ഷവിധിച്ചതടക്കം അവർ ചെയ്തതെല്ലാം അവരുടെ തിരുവെഴുത്തുകളിൻ പ്രകാരമായിരുന്നു. എന്നാൽ വാസ്തവത്തിൽ അവർ എന്തായിരുന്നു? അവർ ദൈവത്തിന്റെ വ്യവസ്ഥയെ നശിപ്പിക്കുവാനുള്ള കാര്യങ്ങൾ ചെയ്തുകൊണ്ട് സർപ്പങ്ങളും, പാമ്പുകളും, മഹാവ്യാളിയുടെ ഭാഗവും ആയിരുന്നു. ശൗലിന്റെ ദമസ്കോസിലേക്കുള്ള വഴിമധ്യേ പരമാധികാരിയായ കർത്താവ് ഇടപെടുന്നതുവരെ ശൗലും വ്യാളിയുടെ സജീവമായ ഒരു ഭാഗമായിരുന്നു. അവനെ നിലത്തു വീഴ്ത്തിക്കൊണ്ട് കർത്താവ് അവനു പ്രത്യക്ഷപ്പെട്ടപ്പോൾ, "ശൗലേ, നീ എന്താണു ചെയ്യുകൊണ്ടിരിക്കുന്നത്? യേശു എന്ന ഞാൻ നിന്നെ സന്ദർശിക്കുവാൻ വന്നിരിക്കുന്നു" എന്ന് അവൻ പറഞ്ഞതായി തോന്നുന്നു. ആ സമയം ശൗൽ മാനസാന്തരപ്പെടുകയും സാത്താന്റെ ഇരുട്ടിൽനിന്ന് വെളിച്ചത്തിന്റെ ദൈവരാജ്യത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. അവന്റെ പരിവർത്തനത്തിന്റെ സമയം, "അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു" (പ്രവൃ. 26:18) എന്നു പറഞ്ഞുകൊണ്ട് ജനത്തിന്റെ കണ്ണ് തുറക്കുവാൻ കർത്താവ് ശൗലിനോട് ആജ്ഞാപിച്ചു. ഇന്ന് സഭയെ ഉപദ്രവിക്കുന്ന ഏവനും വ്യാളിയുടെ ഭാഗമോ കുറഞ്ഞപക്ഷം അവനുമായി ഒന്നോ ആണെന്ന് തർസീസിലെ ശൗലിന്റെ ഉദാഹരണത്താൽ നാം കാണുന്നു.

വ്യാളി ഇപ്പോൾ സഭയെ ഉപദ്രവിക്കുകയും അതിനെ നശിപ്പിക്കുവാൻ പദ്ധതിയിടുകയും ചെയ്യുന്നു. എതിർപ്പ് ഓറഞ്ച് കൗണ്ടിയിലും (അമേരിക്കയിലെ ലോസ് ആഞ്ചലസിലെ ഒരു പ്രദേശം) ഈ രാജ്യത്തുടനീളവും സജീവമാണ്. സഭ പുറപ്പെടുവിക്കുന്ന എന്തിനെയും വിഴുങ്ങുവാനായി വ്യാളി ഭൂമിയിൽ എല്ലായിടത്തും ഉണ്ട്. നിങ്ങൾ ഈ വെളിപാട് കണ്ടുവോ? ഇതൊരു ചെറിയ കാര്യമല്ല. നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിനു വേണ്ടിയുള്ളവരാണ്. നാം വ്യാളിയുടെ ആക്രമണത്തെ നേരിടുന്നു, എന്നാൽ ആരായിരിക്കും ജയിക്കുന്നത്? ഹല്ലേലൂയ്യാ, വ്യാളി താഴേക്ക് എറിയപ്പെടുകയും നാം ജയിക്കുകയും ചെയ്യും. ഒന്നാമത്, വ്യാളി ആകാശത്തുനിന്നും ഭൂമിയിലേക്കും, അതിനുശേഷം ഭൂമിയിൽനിന്ന് അഗാധകൂപത്തിലേക്കും, അവസാനം അഗാധകൂപത്തിൽനിന്ന് തീപ്പൊയ്കയിലേക്കും എറിയപ്പെടും. "സാത്താനേ, നിന്റെ ദൈവകല്പിത സ്ഥാനമായ തീപ്പൊയ്കയിലേക്കു പോകുക. ഇനി ഭൂമിയിൽ തങ്ങരുത്. ഭൂമി നിനക്കുള്ളതല്ല, ക്രിസ്തുവിനുള്ളതാണ്.

ഞങ്ങളുടെ ക്രിസ്തു ഭൂമിയെ സ്വന്തമാക്കുവാൻ വരുന്നു: നീ പോയേ തീരൂ. സാത്താനേ, നിനക്ക് യാതൊരു തിരഞ്ഞെടുപ്പും ഇല്ല—തീപ്പൊയ്കയിലേക്കു പോകുക" എന്ന് നമുക്ക് പ്രഖ്യാപിക്കുവാൻ കഴിയും.

വേദപുസ്തകത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട് സാത്താന്റെ ദൈവകല്പിതത്തെ അനാവരണം ചെയ്യുന്നു. വെളിപ്പാട് പുസ്തകത്തിന്റെ രണ്ടാമത്തെ പകുതിയിലുള്ള സകല പ്രധാനപ്പെട്ട കാര്യങ്ങളുടെയും നിർണ്ണായകമായ വിഷയങ്ങളുടെയും ഇടയിൽ ഒന്നാമത്തേത് പന്ത്രണ്ടാം അധ്യായത്തിലെ സാർവത്രികമായ ശോഭയുള്ള സ്ത്രീയാണ്. നാം ആണ് സർവപ്രധാനമായ വിഷയം, ഏറ്റവും നിർണ്ണായകമായ കാര്യം. ഇപ്പോൾ ഉറങ്ങുവാനുള്ള സമയമല്ല; ഇത് യുദ്ധം ചെയ്യുവാനുള്ള സമയമാണ്. നാം എവിടെയായിരുന്നാലും, എതിർപ്പിനോടും ഉപദ്രവത്തോടും "തീപ്പൊയ്കയിലേക്കു പോകുക!" എന്നു പറയണം. നാം സ്ത്രീയാണ്, സാത്താൻ തീപ്പൊയ്കയിലാണ്.